കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലവേട്ടുവ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് - പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും തുക നൽകാൻ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.163 /2019/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി, 25.01.2019

---

പരാമർശം :- 1. കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2018-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ തീരുമാനം നം. 4.26

## <u>ഉത്തരവ്</u>

മലവേട്ടുവർക്ക് കട്ടിൽ എന്ന പ്രോജക്ട് കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 92/18) ആയത് ക്യൂ ബിൽ ആയി ജില്ലയിൽ മലവേട്ടുവ വിഭാഗത്തിനുള്ള ഫണ്ട് എസ്.സി.പി യിൽ നിന്ന് റ്റി.എസ്.പി.യിലോട്ട് ക്രമീകരിച്ചാണ് ഈ വർഷം ഫണ്ട് അനുവദിച്ചത്. ആയതിനാൽ എസ്.സി.പി. വിഹിതം കുറഞ്ഞു. ഈ വർഷം 4,20,000/- രൂപയാണ് എസ്.സി.പി. ബജറ്റ്. ഈ വിഹിതം ഉപയോഗിച്ച് മറ്റ് പ്രോജക്ടുകൾക്ക് (ക്യൂ ബില്ലിലെ) തുക നൽകി. ആയതിനാൽ ടി തുക വികസനഫണ്ടിൽ (ജനറൽ) നിന്നോ റ്റി.എസ്.പി.യിൽ നിന്നോ നൽകാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ടി ആവശ്യം പരാമർശം(2)ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിച്ചു. ടി യോഗത്തിന്റെ 4.26 നമ്പർ തീരുമാനപ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ (പ്രോ.നം. 92/18) ഉൾപ്പെടുത്തിയിരുന്ന മലവേട്ടുവർക്ക് കട്ടിൽ എന്ന പ്രോജക്ടിന്റെ തുക പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും നൽകാൻ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
പ്രസിഡണ്ട്, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ